# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2167** **06.02.2019 - ൽ മറുപടിയ്ക്ക്**

## ജനറിക് മരുന്നുകൾ വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ

| **ചോദ്യം**<br>**ശ്രീ.എം. സ്വരാജ്:** | | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ വിപണനം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിൽ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ; | (എ) | ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ വിപണനം നടത്തുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളോടനുബന്ധിച്ച് "കേരള ജനറിക്സ്" എന്ന പേരിൽ കൗണ്ടറുകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ ജനറിക് മരുന്നുകളുടെ വില്പനയ്ക്കായി പേഷ്യന്റ് കൗൺസിലിംഗിൽ പ്രത്യേക പരിശീലനം സിദ്ധിച്ചതും ജനറിക് മരുന്നുകളെക്കുറിച്ച് വിവരണങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് നൈപുണ്യവുമുള്ള ഫാർമസിസ്റ്റുമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) ഇവയുടെ വിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; ഇവയുടെ വിശദാംശം നൽകുമോ? | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ചുവരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് "കേരള ജനറിക്സ്" ന് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായ ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ "കേരള ജനറിക്സ്"ഫാർമസികളിലൂടെ വിതരണം ചെയ്തുവരുന്നത്. രണ്ടാം ഘട്ടമായി 60 മരുന്നുകൾ കൂടി "കേരള ജനറിക്സ്" ഫാർമസികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടി പട്ടികയിൽ നിന്ന് 40-ഓളം മരുന്നുകൾ ഫാർമസികളിൽ വിതരണം ചെയ്തുവരികയും ചെയ്യുന്നു. |

വിതരണം ചെയ്യുന്ന ഓരോ ബാച്ചിനും NABL Certificate നിർബന്ധമാക്കിയിരിക്കുന്നതിനാൽ മരുന്നു ലഭ്യതയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി രണ്ട് വിതരണാനുമതികൾ തമ്മിലുള്ള സമയക്രമം നിജപ്പെടുത്തുകയും ഒരേ ജനറിക് നാമത്തിലുള്ള ഒന്നിൽ കൂടുതൽ കമ്പനികളുടെ മരുന്നുകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള ജനറിക്സ് ഫാർമസികളിൽ ഏറ്റവും അധികം വിറ്റുവരവുള്ളതും ഉപഭോക്താക്കൾ കൂടുതലുള്ളതുമായ തിരഞ്ഞെടുക്കപ്പെട്ട മരുന്നുകൾക്ക് കൂടുതൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന തരത്തിൽ പുതുക്കിയ നിബന്ധനകളുമായി പുതിയ ക്വട്ടേഷൻ ക്ഷണിക്കുകയും അതിലൂടെ കേരള ജനറിക്സ് എന്ന ബ്രാൻഡിംഗോടുകൂടി പ്രമുഖ കമ്പനികളുടെ ജനറിക് മരുന്നുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കൂടുതൽ കേരള ജനറിക്സ് ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ